# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 718 — 04.03.2020 -ൽ മറുപടിയ്ക്ക്

## സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |

എ) സാംസ്കാരിക വകുപ്പിനെ ഭരണകൂടത്തിന്റെ പതാകവാഹകരാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

എ) സംസ്ഥാന ഭരണകൂടത്തിന്റെ പുരോഗമന മൂല്യങ്ങളിൽ ഊന്നിയ നയപരിപാടികൾക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് സാംസ്കാരിക വകുപ്പും സാംസ്കാരിക സ്ഥാപനങ്ങളും നടത്തി വരുന്നത്.

സാംസ്കാരിക വകുപ്പിനെ ഭരണകൂടത്തിന്റെ പതാക വാഹകരാക്കുന്നതിന് ഉതകും വിധം വിവിധങ്ങളായ പദ്ധതികൾ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നതയെ സംരക്ഷിക്കുന്നതിനും സാംസ്കാരിക പൈതൃകത്തെ പരിപോഷിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് 1000 യുവ കലാകാരൻമാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് നൽകി സംസ്ഥാനത്ത് എമ്പാടുമായി വിന്യസിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും കലാപരിശീലനം നൽകുന്നതിന് അവസരം ഒരുക്കി. കേരളത്തിന്റെ കരകൗശല പാരമ്പര്യം സംരക്ഷിക്കുന്നതിനും കരകൗശല കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത ഉറപ്പാക്കുന്നതിനും റൂറൽ ആർട്ട് ഹബ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വർദ്ധിതമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് ജില്ലകൾ തോറും ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങളും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ "നാട്ടരങ്ങ് " എന്ന പേരിൽ കലാപ്രകടന രംഗവേദികൾ സജ്ജീകരിക്കുകയും ചെയ്തു വരുന്നു.

ഫോക് ലോർ അക്കാദമി പോലുള്ള

സ്ഥാപനങ്ങൾ നാടൻ കലകളെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സമൂഹത്തെ മുന്നോട്ട് നയിക്കുന്നതും വിശാല ജനാധിപത്യ, മാനവിക മൂല്യങ്ങൾ പ്രസരിപ്പിക്കുന്നതുമായ സിനിമകൾ തെരഞ്ഞെടുത്ത് പ്രദർശിപ്പിക്കുന്നു. ചലച്ചിത്ര മേളയിൽ മൂന്നാം ലോക രാജ്യങ്ങളുടെ സാംസ്കാരിക പ്രതിരോധം വിഷയമാക്കിയ ചലച്ചിത്രങ്ങൾക്ക് പ്രാമുഖ്യം നൽകി. ഡോക്യുമെന്ററി ആന്റ് ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ ഫാസിസ്റ്റ് വിരുദ്ധ ജനമുന്നേറ്റങ്ങൾ അവതരിപ്പിക്കുന്ന ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുന്നു. പുരോഗമന മൂല്യങ്ങളിലൂന്നിയ സിനിമകൾക്കും ചലച്ചിത്രപ്രവർത്തകർക്കും അംഗീകാരങ്ങൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുന്നു.

ബി) വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ പ്രളയദുരിതാശ്വാസ ക്യാമ്പുകളിൽ നടത്തിയ പരിപാടികൾ ദുരന്തത്തിൽ വിറങ്ങലിച്ചുനിന്ന മനസ്സുകൾക്ക് ആശ്വാസം പകർന്നു നല്കുന്നതായിരുന്നോ; വ്യക്തമാക്കാമോ;

ബി) വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൻ കീഴിൽ വകുപ്പ് വിന്യസിച്ചിട്ടുള്ള കലാകാരൻമാർ ദുരിതാശ്വാസ ക്യാമ്പുകളിൽ നേരിട്ട് എത്തി കലാപരിപാടികൾ അവതരിപ്പിക്കുകയും ക്യാമ്പുകളിലുള്ളവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാരത് ഭവൻ, സംസ്ഥാനത്തെ വിവിധ അക്കാദമികൾ എന്നിവ സമാനമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. തിരുവനന്തപുരത്തെ എം.ബി.എസ് യൂത്ത് ക്വയർ പ്രളയ ബാധിത ജില്ലകളിൽ സംഗീത സാന്ത്വനം പരിപാടി അവതരിപ്പിക്കുകയുണ്ടായി.

ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ വിവിധ ചലച്ചിത്ര പ്രവർത്തകർ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും അതിജീവനം പ്രമേയമായ സിനിമകളുടെ പ്രത്യേക പാക്കേജ് പ്രദർശിപ്പിക്കുകയും ചെയ്തു.

കേരള കലാമണ്ഡലം പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിൽ നടത്തിയ വിവിധ കലാപരിപാടികൾ ദുരിതമനുഭവിക്കുന്നവരിൽ ആശ്വാസവും കുളിർമയുമേകുകയുണ്ടായി.

സി) കേരളത്തിന്റെ നവോത്ഥാന പാരമ്പര്യം ഉയർത്തിപ്പിടിക്കുന്നതിനും സാംസ്കാരിക പുരോഗതിക്കുമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അറിയിക്കാമോ;

സി) കേരളത്തിന്റെ നവോത്ഥാന പാരമ്പര്യം ഉയർത്തി പിടിക്കുന്നതിനും, സാംസ്കാരിക പുരോഗതിയ്ക്കും വകുപ്പ് സുപ്രധാനമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക യുണ്ടായി. ശ്രീനാരായണഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, സ്വാമി

വിവേകാനന്ദന്റെ **കേരള സന്ദർശനത്തിന്റെ** 125-ാം വാർഷികാചരണം, മഹാത്മാ ഗാന്ധിയുടെ 70-ാം രക്ത സാക്ഷിത്വാചരണം, ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികം എന്നിവ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയുണ്ടായി.

നവോത്ഥാന നായകർക്കുള്ള ആദരമായി മോയിൻകുട്ടി വൈദ്യർ അക്കാദമിയിലെ ടി.എ. റസാഖ് തിയേറ്ററിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി 'ദൃശ്യാദരം' എന്ന പേരിൽ വിവര പൊതുജന സമ്പർക്ക വകുപ്പ് നിർമ്മിച്ച ഡോക്യുമെന്ററികളുടെ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. പ്രദർശനങ്ങളും ഓപ്പൺഫോറങ്ങളും നടന്നു.

കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് മൂല്ലർ എസ്.പദ്മനാഭപ്പണിക്കർ, ശ്രീനാരായണഗുരു, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, കുമാരനാശാൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, മഹാകവി കുട്ടമത്ത് തുടങ്ങിയവരുടെ രചനകളെയും സന്ദേശങ്ങളെയും കുറിച്ച് നിരവധി പരിപാടികൾ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ചിട്ടുണ്ട്.

കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ "നമുക്ക് ജാതിയില്ല വിളംബരം", "പന്തിഭോജനം" എന്നിവയെ ആസ്പദമാക്കി ചിത്രകലാ ക്യാമ്പും, പ്രഭാഷണങ്ങളും, കലാവിഷ്കാരങ്ങളും, വില്ലുവണ്ടി യാത്രയുടെ 125-ാം വർഷാചരണത്തിന്റെ ഭാഗമായി വെങ്ങാനൂരിൽ 'വില്ലുവണ്ടി വർണ്ണങ്ങൾ' ചിത്രകലാ ക്യാമ്പ്, നവോത്ഥാന ചിത്രകലാ ക്യാമ്പ്, ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികത്തോടനുബന്ധിച്ച് വനിത മതിൽ ചിത്രകലാ ക്യാമ്പ് എന്നിവ നടത്തുകയുണ്ടായി.

ചലച്ചിത്ര അക്കാദമി ജാതിയില്ലാ വിളംബര സന്ദേശം ഉൾക്കൊള്ളുന്ന രണ്ട് പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിച്ചു.

| | |
|---|---|
| ഡി) നവോത്ഥാന നായകരുടെ സ്മരണക്കായി 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൊല്ലം, പാലക്കാട് , കാസർഗോഡ് ജില്ലകളിൽ യഥാക്രമം ശ്രീനാരായണഗുരു, വി.ടി ഭട്ടതിരിപ്പാട്, സുബ്രമണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയ |

ങ്ങളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. മലപ്പുറം ജില്ലയിൽ ശ്രീ അബ്ദുറഹിമാൻ സാഹിബിന്റെ പേരിൽ സ്ഥാപിക്കുന്ന സമുച്ചയത്തിന്റെ വിശദമായ പദ്ധതി രേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിയ്ക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തു. കണ്ണൂർ, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ സ്വകാര്യ ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ സർക്കാർ/സ്വകാര്യ ഭൂമിയുടെ ലഭ്യത കണ്ടെത്തുവാനുള്ള ശ്രമം തുടരുകയാണ്.

ഇ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളുടെ വാർഷികഗ്രാന്റ് ഈ സർക്കാർ വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ടോ;

ഇ) വാർഷികഗ്രാന്റ് വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്.

എഫ്) സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ "വിവേകാനന്ദസ്പർശം" പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

എഫ്) ഭാരതത്തിന്റെ നവോത്ഥാന നായകനായ സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'വിവേകാനന്ദ സ്പർശം' എന്ന പേരിൽ ആഘോഷിച്ചിരുന്നു. സ്വാമി വിവേകാനന്ദൻ കേരളത്തിൽ പ്രവേശിച്ച 1892 നവംബർ 27 നെ അനുസ്മരിച്ച് 2017 നവംബർ 27 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തിരുവനന്തപുരം കവടിയാറിൽ പരിപാടി കളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. സ്വാമി വിവേകാനന്ദൻ ട്രെയിൻ മാർഗ്ഗം വന്നിറങ്ങിയ ഷൊർണ്ണൂരിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയും അതിന്റെ ഉദ്ഘാടനം ബഹു.കേരള സാംസ്കാരിക വകുപ്പ് മന്ത്രി നിർവ്വഹിക്കുകയും ചെയ്തു. 2017 നവംബർ 27-ാം തീയതി മുതൽ ഒരു മാസക്കാലം നീണ്ടുനിന്ന ആഘോഷ പരിപാടികളാണ് വകുപ്പ് സംഘടിപ്പിച്ചിരുന്നത്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ വിവേകാനന്ദ സ്പർശം പരിപാടിയുടെ ഓരോ ജില്ലകളിലെയും സംഘാടനം നിർവ്വഹിക്കുകയുണ്ടായി.

(ഒപ്പ്) Sindhu

**സെക്ഷൻ ഓഫീസർ**